DESPATCHED
On...17/6/22...



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 264(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5013/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2022 ജൂൺ 15

ശ്രീമതി മണി,
തുണ്ടിൽ കിഴക്കേതിൽ,
മുതുകുളം വടക്ക്,
ചുളത്തെരുവ് പി.ഒ.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
മെഡിക്കൽ ഓഫീസർ,
ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,
മുതുകുളം.

2) അപ്പീൽ അധികാരി &
ജില്ലാ മെഡിക്കൽ ഓഫീസർ,
ഭാരതീയ ചികിത്സാ വകുപ്പ്,
ആലപ്പുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 14/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/02/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 01/03/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 20/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 15/06/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി മണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും തൃപ്തികരമായ മറുപടിയല്ല എതിർകക്ഷികൾ നൽകിയതെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 14.01.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. മുതുകുളം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദ ഹോസ്പിറ്റലിൽ മുതുകുളം വടക്ക് പുത്തൻപുരയിൽ വീട്ടിൽ ഡോ. സംഗീത ടി ആശുപത്രിയിൽ ആദ്യമായി ചാർജ്ജെടുത്ത അന്ന് മുതൽ (2005) ആശുപത്രിയിൽ നിന്നും ട്രാൻസ്ഫർ ആയി പോയ നാൾ വരെയുള്ള മൂവ്മെന്റ് രജിസ്റ്ററിന്റെ പകർപ്പ് നൽകണമെന്നും

ii. ഡോ. സംഗീത മുതുകുളം ആയുർവേദ ഹോസ്പിറ്റലിൽ ജോലി നോക്കിയ സമയത്ത് ഈ ആശുപത്രിയിലെ കാലി കുപ്പികൾ വിറ്റതിന്റെയും വിറക് തടികൾ വാങ്ങുന്നതിനുവേണ്ടി നോട്ടീസ് ബോർഡിൽ പരസ്യം നൽകിയതിന്റെയും പകർപ്പും പത്രത്തിൽ പരസ്യം നൽകിയതിന്റെ പകർപ്പും നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 03.02.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ 01.03.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 08.03.2022 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 11.04.2022-ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി മണി, മുതുകുളം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർക്ക് 14.1.2022-ന് നൽകിയ അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 1.3.2022-ന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ നൽകിയ മറുപടി പരിശോധിച്ചതിൽ മെഡിക്കൽ ഓഫീസർ വ്യക്തമായ മറുപടി ടി ഓഫീസിൽ നിന്നും നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്നുമാണ്.

5. ഒന്നാം എതിർകക്ഷി 18.4.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയ്ക്കുള്ള മറുപടി ടി സ്ഥാപനത്തിൽ നിന്നും സി4/2022 നമ്പറായി 03.02.2022-ന് രജിസ്റ്റേർഡ് പോസ്റ്റായി അയച്ചു കൊടുത്തിരുന്നു എന്നും സ്ഥാപനം തുടങ്ങിയ നാൾ മുതൽ സ്ഥാപനത്തിൽ മൂവ്മെന്റ് രജിസ്റ്റർ ഉപയോഗത്തിൽ ഉണ്ടായിരുന്നില്ലെന്നും 5.6.2018 മുതലാണ് സ്ഥാപനത്തിൽ ടി രജിസ്റ്റർ ഉപയോഗത്തിൽ എടുത്തു തുടങ്ങിയതെന്നും ഡിപ്പാർട്ട്മെന്റ് ഇറക്കിയ സർക്കുലർ നം.എച്ച്1/14498/2008 തീയതി 28.8.2008 പ്രകാരം സ്ഥാപനത്തിൽ അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ മൂവ്മെന്റ് രജിസ്റ്റർ ഉൾപ്പെടുന്നില്ലെന്നും ഡോ. സംഗീത ടി സ്ഥാപനത്തിൽ ഉണ്ടായിരുന്ന കാലയളവിൽ

മൂവ്മെന്റ് രജിസ്റ്റർ ഉപയോഗത്തിൽ ഇല്ലായിരുന്നു എന്നും അപേക്ഷയിലെ 2-മതായി ആവശ്യപ്പെട്ട കാലയളവിൽ കാലി കുപ്പികൾ വിറ്റതായി രേഖകൾ കാണുന്നില്ലെന്നും സ്ഥാപനത്തിൽ എത്തുന്ന രോഗികൾക്കുള്ള കഷായം നിർമ്മിക്കുന്നതിന് ആവശ്യമായ വിറക് തടികൾ വില്ലേജ്/താലൂക്ക് ഓഫീസിൽ കൊടുക്കുന്ന അപേക്ഷ പ്രകാരം തഹസിൽദാർ നിശ്ചയിച്ചു തരുന്ന മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലാണ് ലഭ്യമാക്കിയിരുന്നതെന്നും പത്രപരസ്യം നോട്ടീസ് ബോർഡിൽ ഇടേണ്ടതിന്റെ ആവശ്യം ഉണ്ടായിരുന്നില്ലെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട മൂവ്മെന്റ് രജിസ്റ്റർ 2018 മുതലാണ് ടി കാര്യാലയത്തിൽ സൂക്ഷിച്ചുവരുന്നതെന്നും, കാലികുപ്പികൾ വിറ്റതായുള്ള രേഖകൾ പ്രത്യേകമായി സൂക്ഷിക്കുന്നില്ലെന്നും, തഹസിൽദാർ നിശ്ചയിച്ചു നൽകുന്ന മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലാണ് വിറക് തടികൾ ശേഖരിച്ചു വരുന്നതെന്നും കാണുന്നു. ആയതിനാൽ വിവരാവകാശ അപേക്ഷയ്ക്കും, അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ നൽകിയ മറുപടികളിൽ അപാകതയില്ലെന്ന് കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 15-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

us